പാക്കേജ് സമർപ്പിക്കുന്നതിനുള്ള അനുമതി കേന്ദ്ര സർക്കാരിൽനിന്നും നേടിയിട്ടുണ്ട്. 75:25 (75 കേന്ദ്രം 25 സംസ്ഥാനം) പിന്നോക്ക ജില്ലകൾക്ക് 90:10 എന്ന അനുപാതത്തിലാണ് ഈ പദ്ധതിക്ക് കേന്ദ്ര സർക്കാർ ഫണ്ട് അനുവദിക്കുന്നത്. ഇപ്രകാരം പാക്കേജുകൾ തയ്യാറാക്കുന്നതിനുള്ള നടപടിയുടെ മുന്നോടിയായി ജി.ഐ.എസ്. പ്ലാറ്റ്ഫോമിൽ ഡിസ്ട്രിക്ട് റൂറൽ റോഡ്സ് പ്ലാൻ (DRRP) തയ്യാറാക്കുന്ന നടപടി ജില്ലകളിൽ പുരോഗമിക്കുകയാണ്. ഡിസ്ട്രിക്ട് റൂറൽ റോഡ്സ് പ്ലാൻ (DRRP) തയ്യാറാക്കി കേന്ദ്ര സർക്കാർ അവയ്ക്ക് അംഗീകാരം നൽകിയശേഷമാണ് തുടർ നടപടികൾ സ്വീകരിക്കേണ്ടത്. പദ്ധതിയുടെ രണ്ടാംഘട്ട നിർമ്മാണത്തിനാവശ്യമായ പ്ലാനുകളും റിപ്പോർട്ടുകളും കേന്ദ്രസർക്കാരിൽ സമർപ്പിച്ചിട്ടില്ല. ഇതു സംബന്ധിച്ച നടപടികൾ സമയബന്ധിതമായി പൂർത്തീകരിച്ച് കേന്ദ്രത്തിന് സമർപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

ബാലാവകാശ കമ്മീഷൻ പ്രവർത്തനം

13 (*703) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ബാലാവകാശ കമ്മീഷന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ബാലവേലകളിൽ ഏർപ്പെടുന്ന കുട്ടികളെ കണ്ടെത്തുന്നതിന് കമ്മീഷൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) 2005-ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മീഷനുകൾ ആക്ടിലെ 17(1) വകുപ്പ് പ്രകാരമാണ് സർക്കാർ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ രൂപീകരിച്ചിട്ടുള്ളത്. ഒരു ചെയർപേഴ്സണും 6 അംഗങ്ങളും അടങ്ങുന്നതാണ് കമ്മീഷന്റെ ഘടന. 2005-ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മീഷനുകൾ ആക്ട് (സി.പി.സി.ആർ. ആക്ട്) കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ ആക്ട് 2009 (റൈറ്റ് ഓഫ് ചിൽഡ്രൻ ടു ഫ്രീ ആന്റ് കമ്പൽസറി എഡ്യൂക്കേഷൻ ആക്ട്) കുട്ടികളെ ലൈംഗിക കുറ്റകൃത്യങ്ങളിൽനിന്നും സംരക്ഷിക്കുന്നതിനുള്ള ആക്ട് 2012 (പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ ഫ്രം സെക്ഷ്വൽ ഒഫൻസസ് ആക്ട്-പോക്സോ ആക്ട്) എന്നിവ പ്രകാരമുള്ള ചുമതലകളും കർത്തവ്യങ്ങളും അധികാരങ്ങളുമാണ് കമ്മീഷനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബാലവേല സംബന്ധിച്ച പരാതികളിൻമേൽ ബാലവേലയിൽ ഏർപ്പെടുന്ന കുട്ടികളെ കണ്ടെത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനും ചുമതലപ്പെട്ടിട്ടുള്ള തൊഴിൽ, പോലീസ് തുടങ്ങിയ വകുപ്പുകളോടും ചൈൽഡ് ലൈൻ തുടങ്ങിയ ഏജൻസികളോടും കമ്മീഷൻ റിപ്പോർട്ടുകൾ ആവശ്യപ്പെടാറുണ്ട്. വ്യക്തിഗത പരാതികൾക്ക് പുറമേ മാധ്യമ വാർത്തകളെ ആധാരമാക്കി സ്വമേധയാലുള്ള നടപടികളും കമ്മീഷൻ ഇക്കാര്യത്തിൽ സ്വീകരിക്കാറുണ്ട്.

പച്ചക്കറി വില വർദ്ധനവ്

14 (*704) പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. എം. ഹംസ:
ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് ഇപ്പോൾ സംഭവിക്കുന്ന മഴയുടെ കുറവ് കാർഷിക രംഗത്തെ എങ്ങനെ ബാധിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഏതെല്ലാം വിളകളെയാണ് മഴയുടെ കുറവ് ബാധിക്കുന്നതെന്ന് വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത സാഹചര്യം പരിഗണിച്ച് വരുന്ന ഓണക്കാലത്ത് പച്ചക്കറി ഉൾപ്പെടെയുള്ള വയുടെ വില വർദ്ധിക്കുമെന്ന ആശങ്ക പരിശോധിക്കുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) ഉണ്ട്. സംസ്ഥാനത്ത് ഇപ്പോൾ സംഭവിക്കുന്ന മഴയുടെ കുറവ് കാർഷിക രംഗത്തെ ഗണ്യമായ അളവിൽ ബാധിച്ചിട്ടുണ്ട്. വിളകളുടെ വിസ്തൃതിയിലും ഉത്പാദനക്ഷമതയിലും തദ്വാരാ മൊത്തം ഉത്പാദനത്തിലും കുറവുണ്ടാകുമെന്ന് കണക്കാക്കുന്നു.

(ബി) സംസ്ഥാനത്ത് ലഭിച്ച മഴയുടെ കുറവ് പ്രധാന വിളകളായ നെല്ല്, തേങ്ങ, വാഴ, കുരുമുളക്, പച്ചക്കറി, ഏലം, ജാതി, ഗ്രാമ്പൂ എന്നിവയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ശീതകാല പച്ചക്കറി കൃഷിയെയും വരൾച്ച പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

(സി) പച്ചക്കറികളുടെ വില ക്രമാതീതമായി ഉയരുന്ന സാഹചര്യങ്ങളിൽ ഹോർട്ടികോർപ്പ്, വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ എന്നീ സ്ഥാപനങ്ങൾ വിപണിയിൽ ഇടപെടൽ നടത്താറുണ്ട്. ഓണം സീസണിൽ പച്ചക്കറികളുടെ വില വർദ്ധനവിനെത്തുടർന്ന് വിപണി വില നിയന്ത്രിക്കുന്നതിനായി ഓണം ഫെയറുകൾ സംഘടിപ്പിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly